# ആരോഗ്യ കേരളം

2022 ഏപ്രിൽ

വാർത്താപത്രിക

AROGYAKERLAM NEWS LETTER





ഉള്ള കൊണ്ട് ഉൾക്കൊള്ളാം

പൊതു ആരോഗ്യ സംവിധാനത്തിൽ
പങ്കു ചേരുവാനും സേവനങ്ങൾ
ഉപയോഗപ്പെടുത്തുവാനുമുള്ള അവകാശം
ലിംഗഭേദമന്യേ എല്ലാവർക്കും ഒരുപോലെ
ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താം

Equal Healthcare for All Genders

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ആരോഗ്യ കേരളം




# ആർദ്ര കേരളം പുരസ്കാരം




തിരുവനന്തപുരം: 2021-22 വർഷത്തെ ആർദ്രകേരളം പുരസ്കാരം ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു. സംസ്ഥാന തലത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം കോർപറേഷൻ, പിറവം മുനിസിപ്പാലിറ്റി(എറണാകുളം), മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല), നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല) എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നാം സമ്മാനം നേടി.

## സംസ്ഥാനതല ഒന്നാം സ്ഥാനം

- കൊല്ലം ജില്ലാ പഞ്ചായത്ത്
- കൊല്ലം കോർപറേഷൻ
- പിറവം മുനിസിപ്പാലിറ്റി
- മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
- നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്


(പേജ് മൂന്നിൽ തുടർന്ന് വായിക്കുക)

# എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ട്രാൻസ്ജെന്റർ ക്ലിനിക് പരിഗണനയിൽ: മന്ത്രി വീണാ ജോർജ്ജ്



## വനിതാദിനത്തിൽ തുടക്കം കുറിച്ച് ഇടം കാമ്പയിൻ

തിരുവനന്തപുരം: എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്കായി പ്രത്യേക ക്ലിനിക് ആരംഭിക്കുന്നത് പരിഗണനയിലുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. അന്താരാഷ്ട്ര വനിതാ ദിനാചരണവും ട്രാൻസ്ജെന്റർ വിഭാഗത്തിനായി ആരംഭിക്കുന്ന 'ഇടം' കാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർ ആരോഗ്യകരമായ വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും എല്ലാവരെയും പോലെ ഇവർക്കും മികച്ച ചികിത്സ ലഭ്യമാക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

എല്ലാ ആശുപത്രികളും ട്രാൻസ്ജെന്റർ സൗഹൃദമാക്കേണ്ടതുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെന്റർ ക്ലിനിക് ആരംഭിച്ചു കഴിഞ്ഞു. ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയക്ക് സ്വകാര്യ ആശുപത്രികളെയാണ് ഇവർ സമീപിക്കുന്നത്. സർക്കാർ ആശുപത്രികളിലും ശസത്ര്ക്രിയ സൗകര്യം നടപ്പാക്കും. വിദഗ്ദരായ ഡോക്ടർമാരെയും നിയമിക്കും. മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. തൊഴിലിടങ്ങളിലും പൊതുയിടങ്ങളിലും സ്ത്രീകൾ ലിംഗപരമായ വിവേചനം നേരിടുന്നുണ്ടോ എന്നുള്ളത് പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഇടം കാമ്പയിന്റെ ഭാഗമായി ആരോഗ്യകേരളം നിർമ്മിച്ച് ട്രാൻസ് വുമൺ നാദിറ മെഹ്റിൻ അഭിനയിച്ച ബോധവൽകരണ ഹ്രസ്വ ചിത്രം മന്ത്രി വീണാ ജോർജ്ജ് പ്രകാശനം ചെയ്തു. തൃശൂർ ആശാപ്രവർത്തകർ നിർമ്മിച്ച പാട്ടിന്റെ ഓഡിയോ പ്രകാശനവും കരുതലിന്റെ ആശാകരങ്ങൾ എന്ന പുസ്തകവും മന്ത്രി പ്രകാശനം ചെയ്തു.

ഡി എച്ച് എസ് അങ്കണത്തിൽ നടന്ന പരിപാടിയിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി. കൗൺസിലർ എസ് എസ് ശരണ്യ, ഡിഎച്ച്എസ് ഡയറക്ടർ വി രാജു, അഡീഷണൽ ഡയറക്ടർ ഡോ മീനാക്ഷി എന്നിവർ പങ്കെടുത്തു.

> എല്ലാവർക്കും അവരർഹിക്കുന്ന ഇടം നൽകുക

### ഇടം ക്യാമ്പയിൻ

ട്രാൻസ്ജെന്റർ വിഭാഗം ഉൾപ്പെടുന്ന എൽജിബിടിക്യു പ്ലസ് വിഭാഗക്കാർക്ക് തുല്ല്യമായ ആരോഗ്യപരിഗണന ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യകേരളം ആരംഭിച്ച കാമ്പയിനാണ് 'ഇടം'. ഹോർമോൺ ചികിത്സക്ക് വിധേയരാക്കുന്നതിനെ തുടർന്ന് ആരോഗ്യ- മാനസിക പ്രശ്നങ്ങൾ നേരിടുന്നവർ തൊട്ടു, ജീവിതശൈലീ രോഗങ്ങളും, പകർച്ചവ്യാധികളും, വൈകല്യങ്ങളും അനുഭവിക്കുന്നവർ വരെ ഈ വിഭാഗങ്ങളിലുണ്ട്. എന്നാൽ സർക്കാർ സംവിധാനങ്ങളിൽ നിന്ന് ഇവർക്ക് ലഭിക്കുന്ന സമീപനം പലപ്പോഴും സൗഹാർദ്ദപരമല്ല. ഇത്തരം അവസ്ഥകൾ മാറ്റുന്നതിനും ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്ക് മികച്ച് ചികിത്സ ഉറപ്പാക്കുന്നതിനുമാണ് ഇടം ക്യാമ്പയിൻ.

എല്ലാവർക്കും അവരർഹിക്കുന്ന ഇടം നൽകുക എന്ന ആശയത്തിൽ അടിസ്ഥാനപ്പെടുത്തി ആരോഗ്യപ്രവർത്തകർ, ആശുപത്രി പ്രവർത്തകർ, പൊതുജനങ്ങൾ, ഇതര ലിംഗക്കാർ തുടങ്ങി പൊതുആരോഗ്യ സംവിധാനത്തിലെ മുഖ്യ പങ്കാളികളെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ജില്ലാ-സംസ്ഥാന തലങ്ങളിൽ വിപുലമായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും വെബ്ബിനാറുകളും സാമൂഹിക മാധ്യമ ചർച്ചകളും നടത്തും. കൂടാതെ ചുവർചിത്ര സന്ദേശങ്ങളും, ബോർഡുകളും പോസ്റ്ററുകളും, റെയിൽവേ സ്റ്റേഷൻ, ബസുകൾ തുടങ്ങിയ മാധ്യമങ്ങളിൽ കൂടി പരസ്യ പ്രചാരണവും നടത്തും. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ട്രാൻസ്ജെൻഡർ ലിങ്ക് വർക്കേഴ്സിനെ നിയമിക്കുന്നതിനും ഈ ജില്ലകളിലെ ജില്ലാ/ ജനറൽ ആശുപത്രികളെ ട്രാൻസ്ജെൻഡർ സൗഹൃദ ആശുപത്രികളാക്കുന്നതുമാണ്. ഇതിനായുള്ള പ്രത്യേക പരിശീലനവും സംഘടിപ്പിക്കുന്നതാണ്.



### നഗരം ചുറ്റി 'ഷി ബസ്'

തിരുവനന്തപുരം: ഡബ്ബിൾ ഡെക്കർ ബസിൽ തിരുവനന്തപുരം നഗരത്തിലൂടെ ഒരു സൗജന്യ യാത്ര. അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ബസ് യാത്ര പൊതുജന പങ്കാളിത്തം കൊണ്ട് ശ്രദ്ധയാകർഷിച്ചു. എൻ എച്ച് എമ്മും ഡിഎച്ച്എസ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച 'ഷി ബസ്' യാത്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ വകുപ്പ് ഡയറേക്ടിൽ നിന്നും ആരംഭിച്ച യാത്രയിൽ വി കെ പ്രശാന്ത് എംഎൽഎയും ആദ്യയാത്രക്കാരനായി.

ക്ലബ് എഫ് എമ്മുമായി സഹകരിച്ചായിരുന്നു ഷി ബസ് യാത്ര സംഘടിപ്പിച്ചത്. ശംഖുമുഖം, തമ്പാന്നൂർ, ലുലുമാൾ കേന്ദ്രീകരിച്ചായിരുന്നു ബസ് യാത്ര. ക്ലബ് എഫ് റേഡിയോ ജോക്കിമാർ യാത്രക്കാരെ സ്വീകരിച്ചു. യാത്രക്കാർക്കായി ചോദ്യോത്തര മത്സരങ്ങളും വിജയികൾക്ക് സമ്മാനങ്ങളും ക്ലബ് എഫ് എം ഒരുക്കിയിരുന്നു. സൗജന്യ യാത്രക്കായെത്തിയവർ സമ്മാനങ്ങളുമായാണ് ബസ് വിട്ടിറങ്ങിയത്. പാട്ടും വിശേഷങ്ങൾ പങ്കുവെക്കലുമായി ഡബ്ബിൾ ഡെക്കർ ബസ് യാത്ര വനിതാ ദിനത്തിന്റെ മാറ്റ് കൂട്ടി.




Equal Healthcare for All Genders

Editorial Board

ആർദ്രകേരളം പുരസ്കാരം പ്രഖ്യാപിച്ചു

# രണ്ട് പുരസ്കാരങ്ങളുമായി കൊല്ലം ജില്ല സംസ്ഥാനത്ത് ഒന്നാമത്

തിരുവനന്തപുരം: 2021-22 വർഷത്തെ ആർദ്രകേരളം പുരസ്കാരം ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു. സംസ്ഥാന തലത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം കോർപറേഷൻ, പിറവം മുനിസിപ്പാലിറ്റി(എറണാകുളം), മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല), നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല) എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നാം സമ്മാനം നേടി. ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ് ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും പങ്കാളിത്തത്തോടെ ആർദ്രകേരളം പുരസ്കാരം നൽകിവരുന്നത്. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപയും ജില്ലാ തലത്തിൽ അഞ്ച് ലക്ഷം രൂപയുമാണ് സമ്മാനത്തുകയായി ലഭിക്കുക.

ഇൻഫർമേഷൻ കേരള മിഷന്റെ (ഐകെഎം) സഹായത്തോടെയാണ് പുരസ്കാരത്തിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക, സാന്ത്വനപരിചരണ പരിപാടികൾ, കായകൽപ്പ്, മറ്റ് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ഇതിനായി പരിഗണിക്കും. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ, നടപ്പിലാക്കിയ നൂതനമായ ആശയങ്ങൾ, പൊതുസ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ ഘടകങ്ങളും പുരസ്കാരത്തിന് വേണ്ടി പരിഗണിക്കും. ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫീൽഡ് പരിശോധനയും നടത്തുന്നുണ്ട്.

സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നേടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അഞ്ച് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തെത്തുന്നവർക്ക് മൂന്ന് ലക്ഷം രൂപയുമാണ് നൽകുന്നത്. സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനത്തെത്തുന്ന ഗ്രാമപഞ്ചായത്തിന് ഏഴ് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് ആറ് ലക്ഷം രൂപയുമാണ് നൽകുന്നത്. ജില്ലാതലത്തിൽ രണ്ടാം സ്ഥാനത്തിനും മൂന്നാം സ്ഥാനത്തിനും മൂന്ന് ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ എന്ന ക്രമത്തിലാണ് സമ്മാനത്തുക ലഭിക്കുക. ആലപ്പുഴ ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ കോർപറേഷൻ, ആന്തൂർ നഗരസഭ (കണ്ണൂർ), നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (കാസർഗോഡ്), ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രണ്ടാം സ്ഥാനം നേടി. എറണാകുളം ജില്ലാ പഞ്ചായത്ത്, കരുനാഗപ്പള്ളി നഗരസഭ (കൊല്ലം), ആര്യാട് ബ്ലോക്ക് പഞ്ചായത്ത് (ആലപ്പുഴ), നൊച്ചാട് ഗ്രാമപഞ്ചായത്ത് (കോഴിക്കോട്) എന്നീ തദ്ദേശസ്ഥാപനങ്ങൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ജില്ലാതലത്തിൽ ആർദ്ര കേരളം പുരസ്കാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ

തിരുവനന്തപുരം
ഒന്നാം സ്ഥാനം- കള്ളിക്കാട്
രണ്ടാം സ്ഥാനം- മുതാക്കൽ
മൂന്നാം സ്ഥാനം- പോത്തൻകോട്

കൊല്ലം
ഒന്നാം സ്ഥാനം- പൂതക്കുളം
രണ്ടാം സ്ഥാനം- തഴവ
മൂന്നാം സ്ഥാനം- തൊടിയൂർ

പത്തനംതിട്ട
ഒന്നാം സ്ഥാനം- ആനിക്കാട്
രണ്ടാം സ്ഥാനം- ഏഴംകുളം
മൂന്നാം സ്ഥാനം- കൊടുമ

ആലപ്പുഴ
ഒന്നാം സ്ഥാനം- മാരാരിക്കുളം നോർത്ത്
രണ്ടാം സ്ഥാനം- പത്തിയൂർ
മൂന്നാം സ്ഥാനം- ആര്യാട്

കോട്ടയം
ഒന്നാം സ്ഥാനം- മുത്തോലി
രണ്ടാം സ്ഥാനം- നീണ്ടൂർ
മൂന്നാം സ്ഥാനം- മറവൻതുരുത്ത്

ഇടുക്കി
ഒന്നാം സ്ഥാനം- ആലക്കോട്
രണ്ടാം സ്ഥാനം- മണക്കാട്
മൂന്നാം സ്ഥാനം- കാഞ്ചിയാർ

എറണാകുളം
ഒന്നാം സ്ഥാനം- മണീട്
രണ്ടാം സ്ഥാനം- കീഴ്മാട്
മൂന്നാം സ്ഥാനം- തിരുവാണിയൂർ

തൃശ്ശൂർ
ഒന്നാം സ്ഥാനം- വേളൂക്കര
രണ്ടാം സ്ഥാനം- വരവൂർ
മൂന്നാം സ്ഥാനം- പാറളം

പാലക്കാട്
ഒന്നാം സ്ഥാനം- കൊല്ലങ്കോട്
രണ്ടാം സ്ഥാനം- കരിമ്പ
മൂന്നാം സ്ഥാനം- കിഴക്കഞ്ചേരി

മലപ്പുറം
ഒന്നാം സ്ഥാനം- പുലാമന്തോൾ
രണ്ടാം സ്ഥാനം- ചാലിയാർ
മൂന്നാം സ്ഥാനം- കരുളായി

കോഴിക്കോട്
ഒന്നാം സ്ഥാനം- മൂടാടി
രണ്ടാം സ്ഥാനം- കാരശ്ശേരി
മൂന്നാം സ്ഥാനം - പുറമേരി

വയനാട്
ഒന്നാം സ്ഥാനം- ഇടവക
രണ്ടാം സ്ഥാനം- മുട്ടിൽ
മൂന്നാം സ്ഥാനം- അമ്പലവയൽ

കണ്ണൂർ
ഒന്നാം സ്ഥാനം- കുഞ്ഞിമംഗലം
രണ്ടാം സ്ഥാനം- തില്ലങ്കേരി
മൂന്നാം സ്ഥാനം- കണ്ണപുരം

കാസർഗോഡ്
ഒന്നാം സ്ഥാനം- കിനാന്നൂർ കരിന്തളം
രണ്ടാം സ്ഥാനം- കയ്യൂർ ചീമേനി
മൂന്നാം സ്ഥാനം- ഈസ്റ്റ് എളേരി



# ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് ദേശീയ പുരസ്കാരം

**മലപ്പുറം, വയനാട് ജില്ലകൾക്ക് ഗോൾഡ് കാറ്റഗറിയിൽ പുരസ്കാരം**

തിരുവനന്തപുരം: ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം. കേന്ദ്ര ആരോഗ്യ മന്ത്രാലയം ക്ഷയരോഗ മുക്ത നിലവാരം വിലയിരുത്തുന്നതിന് വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിലാണ് സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചത്. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ ബഹുമതിയെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

2015നെ അപേക്ഷിച്ച് 2021ൽ 40 ശതമാനത്തിലധികം ക്ഷയരോഗനിരക്ക് കുറഞ്ഞതിനാലാണ് സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചത്. സംസ്ഥാനങ്ങളുടെ പട്ടികയിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം നേടുന്ന ഏക സംസ്ഥാനമാണ് കേരളം. 50 ലക്ഷം രൂപയും, പ്രശസ്തി പത്രവും അടങ്ങിയതാണ് പുരസ്കാരം. ലോക ക്ഷയരോഗ ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ വച്ച് നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.

ഇതുകൂടാതെ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലകൾക്കും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മികച്ച പ്രവർത്തനം നടത്തിയ മലപ്പുറം, വയനാട് ജില്ലകൾക്ക് ഗോൾഡ് കാറ്റഗറിയിൽ പുരസ്കാരം ലഭിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ കാറ്റഗറിയിലും എറണാകുളം, കണ്ണൂർ ജില്ലകൾക്ക് ബ്രോൺസ് കാറ്റഗറിയിലും പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കൊവിഡ് സാഹചര്യത്തിലും ക്ഷയരോഗികളെ കണ്ടെത്തുന്നതിന് അക്ഷയ കേരളം പദ്ധതി സംസ്ഥാനത്ത് വളരെ ഊർജിതമായി നടപ്പിലാക്കി. ക്ഷയരോഗികളെ ഈ പദ്ധതിയിലൂടെ കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കി. ആഗോളതലത്തിൽ പുതുതായി ഉണ്ടാകുന്ന ക്ഷയരോഗികളിൽ നാലിൽ ഒരാൾ ഇന്ത്യയിലാണ്. എന്നാൽ കേരളത്തിൽ ക്ഷയരോഗ നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. 2025ഓടെ ക്ഷയരോഗ മുക്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാനാണ് ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ മന്ത്രി വ്യക്തമാക്കി.

നിലവിലുള്ള ചികിത്സാ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധന, രേഖകളിൽപ്പെടാത്ത ക്ഷയരോഗികളുണ്ടോ എന്നറിയുന്നതിനായി തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നടത്തിയ സാമൂഹിക സർവേ തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചാണ് പുരസ്കാരം നിർണയിക്കുന്നത്. ഇതിനുപുറമെ ക്ഷയരോഗ നിർമ്മാർജന പദ്ധതിയിലൂടെ അല്ലാതെ കേരളത്തിൽ ക്ഷയരോഗത്തിനുള്ള മരുന്നുകൾ വിതരണം ചെയ്യപ്പെടുന്നുണ്ടോയെന്നും പരിശോധിക്കുകയുണ്ടായി. ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. കഴിഞ്ഞ വർഷം സംസ്ഥാനത്തിന് ബ്രോൺസ് കാറ്റഗറിയിൽ പുരസ്കാരം ലഭിച്ചിരുന്നു.







**ഡോ. സൈമൺ മോറിസൺ,**
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്ത് സർവിസസ് (ഡെന്റൽ)

> കുട്ടികളിൽ അണുബാധയും ദന്തരോഗങ്ങളും ശൈശവത്തിൽ തന്നെ കൂടുതലായി കണ്ടുവരുന്ന പ്രവണതയുണ്ട്. ഇത് കുഞ്ഞുങ്ങളുടെ ഭക്ഷണ രീതികളും മറ്റു ജൈവശാസ്ത്രപരമായ കാരണങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു



# നല്ല ജീവിതശൈലിയിലൂടെ വദനാരോഗ്യം നിലനിർത്താം



എല്ലാ വർഷവും മാർച്ച് 20ന് ലോക വദനാരോഗ്യദിനമായി ആചരിച്ചു വരികയാണ്. വദനാരോഗ്യത്തിന്റെ ഗുണങ്ങൾ ഉയർത്തിക്കാട്ടുന്നതിലും രോഗങ്ങളെ കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുന്നതിലും നാം ശ്രദ്ധ ചെലുത്തേണ്ടതാണ്. നിങ്ങളുടെ വദനാരോഗ്യത്തിൽ അഭിമാനിക്കുക എന്നതാണ് ഈ വർഷത്തെ ദന്താരോഗ്യ സന്ദേശം.

ശാരീരിക സൗഖ്യത്തിന്റെ അഭിവാജ്യ ഘടകമാണ് വദനാരോഗ്യം. ദന്തക്ഷയം, മോണരോഗങ്ങൾ, അനുബന്ധ രോഗങ്ങൾ തുടങ്ങിയ ദന്ത വദന രോഗങ്ങളിൽ നിന്നും ഉണ്ടാവുന്ന വേദനയും നീരും, നിര തെറ്റിയ ദന്ത ശ്രേണിയും, പല്ലില്ലാത്ത അവസ്ഥ, മുറിച്ചുണ്ടും മുറി അണ്ണാക്കും, വായുടെ സുതാര്യ പാടയുടെ അസുഖങ്ങൾ, വദനാർബുദം (ഓറൽ ക്യാൻസർ ) എന്നിവ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ചെറുതല്ല. ചികിത്സയുടെ ഭാഗമായി ഭീമമായ സാമ്പത്തിക ചെലവും ഉണ്ടാവുന്നു. പ്രതിരോധം മാത്രമാണ് ഈ പ്രശ്നത്തെ കൈകാര്യം ചെയ്യാനുള്ള ഏക പോംവഴി. സൂക്ഷ്മമായ പ്രതിരോധമാർഗ്ഗങ്ങൾ ജീവിതശീലമാക്കിയാൽ വദനരോഗങ്ങളെ വഴിയിൽ തന്നെ തടയാൻ സാധിക്കും. എല്ലാ തരം അസുഖങ്ങൾക്കും ചികിത്സാ മാർഗങ്ങൾ ലഭ്യമാണ്. ലേസർ ചികിത്സയും ആധുനിക ദന്ത ചികിത്സാ രംഗം പ്രദാനം ചെയ്യുന്നു.

കുട്ടികളിൽ അണുബാധയും ദന്തരോഗങ്ങളും ശൈശവത്തിൽ തന്നെ കൂടുതലായി കണ്ടുവരുന്ന പ്രവണതയുണ്ട്. ഇത് കുഞ്ഞുങ്ങളുടെ ഭക്ഷണ രീതികളും മറ്റു ജൈവശാസ്ത്രപരമായ കാരണങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇമ്മ്യൂണൈസേഷനും വാക്സിനേഷനും അണുബാധയിൽ നിന്നും സാംക്രമിക രോഗങ്ങളിൽ നിന്നും കുഞ്ഞുങ്ങൾക്ക് പ്രതിരോധ ശേഷി നൽകുമ്പോൾ ദന്ത സംബന്ധമായ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിനായി കുഞ്ഞുങ്ങൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ വിദ്യാഭ്യാസവും നൽകേണ്ടതുണ്ട്. ദന്തക്ഷയത്തെ അവഗണിച്ചാൽ ഒരു ഘട്ടം കഴിയുമ്പോൾ അത് കൂടുതൽ സങ്കീർണമാകാം. വേദന, പനി, നീർക്കെട്ട്, കടുത്ത അസ്വസ്ഥത, വായ് തുറക്കാനും ആഹാരം കഴിക്കാനുമുള്ള ബുദ്ധിമുട്ട് തുടർന്ന് കടുത്ത സെല്ലുലൈറ്റിസ്സ്, സ്പേസ് അണുബാധ, താടിയെല്ലിന്റെ മജ്ജയെ ബാധിക്കുന്ന ഓസ്റ്റിയോ മൈലൈറ്റിസ് എന്നിവക്കും കാരണമാകാം.

ദന്തവദന രോഗങ്ങളിൽ പലതും വിവിധ തരം ശാരീരിക അസുഖങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഇൻഫക്റ്റീവ് എൻഡോ കാർഡൈറ്റീസ് എന്ന ശ്രേണിയിൽ പെടുന്ന ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ഹൃദയധമനിയും വലിയ രക്തക്കുഴലുകളും ചുരുങ്ങുന്ന അവസ്ഥകൾ, അതിറോസ്ക്ലീറോസിസ്, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, പ്രമേഹം, പാൻക്രിയാറ്റിക് ഗ്രന്ഥിയിലെ ക്യാൻസർ, വൃക്കരോഗങ്ങൾ, വിവിധയിനം ചർമ്മരോഗങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഗർഭിണികളുടെ ദന്താരോഗ്യവും മോണയുടെ ആരോഗ്യവും മോശമാണെങ്കിൽ മാസം തികയാതെയും തൂക്കക്കുറവുള്ളതുമായ കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുന്നതിലേക്കു വരെ കാര്യങ്ങൾ നീളാം.

വദനാർബുദം അഥവാ ഓറൽ കാൻസറിന്റെയും അനുബന്ധ രോഗങ്ങളുടെയും കാര്യത്തിൽ വയനാട്, പാലക്കാട് ജില്ലകളിലെ വലിയൊരു വിഭാഗം ആദിവാസി സമൂഹം അപകടകരമായ അവസ്ഥയിലാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. മദ്യം, പുകയില, അടയ്ക്ക, ചുണ്ണാമ്പ് തുടങ്ങിയവയുടെ അമിത ഉപയോഗമാണ് ഇതിന് കാരണം. ജനിതക തകരാറുകളും ഇത്തരം രോഗാവസ്ഥയിലേക്ക് നയിക്കുന്നുണ്ട്. സ്കൂൾ കുട്ടികൾക്കിടയിലും ലഹരി ഉപയോഗം വർധിച്ചു വരുന്നുണ്ട്. കൃത്യമായ ബോധവൽക്കരണം നൽകി വേണം ഇത്തരം അവസ്ഥകളിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കാൻ.

വയനാട് ജില്ലയിൽ നല്ലൂർനാട് സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ കാൻസർ ചികിത്സയും ദന്ത ചികിത്സയും ലഭ്യമാണ്. കേരളത്തിലെ ക്യാൻസർ സെന്ററുകളും അഞ്ചു മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും കാൻസർ ചികിത്സക്കുള്ള സൗകര്യം ഉണ്ട്. വദനാരോഗ്യ ചികിത്സക്കായി കൃത്യതയുള്ളതും കമ്പ്യൂട്ടർ നിയന്ത്രിത സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നതുമായ ദന്ത ഉപകരണങ്ങൾ സംസ്ഥാന ആരോഗ്യവകുപ്പ് ആശുപത്രികളിൽ ഉറപ്പാക്കിയിട്ടുണ്ട്.

കൊവിഡ് വൈറസിനെ പ്രതിരോധിക്കുന്നതിനായി നമ്മൾ ഉപയോഗിക്കുന്ന മാസ്കിന്റെ അശാസ്ത്രീയമായ ഉപയോഗം (കൃത്യതയില്ലാതെ ഉപയോഗം, കൃത്യമായി മാസ്ക് മാറ്റാതിരിക്കുക, നനഞ്ഞ മാസ്ക് ഉപയോഗിക്കുക) എന്നിവ അമിതമായ വായ വരൾച്ചയ്ക്കും വായ്നാറ്റത്തിനും കാരണമാകുന്നു. ഈ അവസ്ഥയെ മാസ്ക് മൗത്ത് സിൻഡ്രം എന്ന് വിളിക്കുന്നു. പല്ലുകൾ പെട്ടെന്ന് കേടാവുക, നാക്കിനും മോണയ്ക്കും അണുബാധ ഉണ്ടാക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷണങ്ങൾ. കൊവിഡ് വന്നു പോയവരിൽ കൊവിഡ് ടങ്ങ് എന്ന അവസ്ഥയും ഉണ്ടാകുന്നുണ്ട്. നാക്കിൽ ഉണ്ടാകുന്ന നിറവ്യത്യാസം, വീക്കം, പാടകെട്ടുക, അൾസർ എന്നിവയാണ് ഇതിന്റെ ലക്ഷണങ്ങൾ. കൊവിഡ് വന്നുപോയവർ ഒരു ദന്ത ഡോക്ടറുടെ പരിശോധനയ്ക്ക് വിധേയരാകേണ്ടതാണ്.

തുടക്കം മുതൽ തന്നെ പല്ലുകൾക്ക് നല്ല പരിചരണം നൽകിയാൽ ജീവിതാവസാനം വരെ മോണയും പല്ലുകളും ആരോഗ്യത്തോടെ നിലനിൽക്കും. പല്ലില്ലാത്ത മുതിർന്നവർക്ക് ഭക്ഷണം കഴിക്കുന്നതിനും പോഷകന്യൂനത ഉണ്ടാകുന്നതു തടയുന്നതിനും വേണ്ടി മുഴുവനായോ ഭാഗികമായോ കൃത്രിമ പല്ലുകൾ വയ്ക്കണം. പല്ലു വൃത്തിയാക്കുമ്പോൾ പല്ലുകളുടെ മോണ ഭാഗം വിരലുകൾ ഉപയോഗിച്ച് മസാജ് ചെയ്യണം. അതുപോലെ നാവ് നല്ലവണ്ണം വൃത്തിയാക്കണം. കൃത്രിമ പല്ല് ഉപയോഗിക്കുന്നവർ ഓരോ ഭക്ഷണത്തിനു ശേഷവും ബ്രഷ് കൊണ്ട് വൃത്തിയാക്കണം.

വദനാരോഗ്യത്തിന്റെ കാര്യത്തിൽ നാം എത്രത്തോളം ശ്രദ്ധ ചെലുത്തുവോ അത്രത്തോളം രോഗങ്ങൾ പിടിപെടാതെ ആരോഗ്യത്തോടെ നിലനിൽക്കും. ചെറിയ പ്രായം തൊട്ട് പല്ലിന്റെയും വായുടെയും ആരോഗ്യത്തിൽ നാം ബോധവാന്മാരാകേണ്ടതുണ്ട്.

എല്ലാവർക്കും അവരർഹിക്കുന്ന ഇടം നൽകുക

ഇടം
Equal Healthcare for All Genders

# ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു



ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്കായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ്

എറണാകുളം: പൊതുആരോഗ്യസംവിധാനത്തിൽ പങ്കുചേരാനും ആരോഗ്യസേവനങ്ങൾ ലിംഗഭേദമന്യേ എല്ലാവർക്കും ഒരു പോലെ ലഭ്യമാക്കുന്നതിന്റെയും ഭാഗമായി ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ദേശീയആരോഗ്യദൗത്യം, ജില്ലാസാമൂഹ്യനീതി വകുപ്പ്, സഹൃദയ എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ ഉൾപ്പെടുന്ന എൽജിബിടിക്യു പ്ലസ് സമൂഹത്തിന് അവരുടെ ചികിത്സക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ആരോഗ്യസ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ആരോഗ്യവകുപ്പ് ആരംഭിച്ച ഇടം ക്യാമ്പയിനിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരികയാണ്. ആശ പ്രവർത്തകർക്കായി വിവിധ പരിശീലനങ്ങൾ നൽകി. ഇടം ക്യാമ്പയിന്റെ ഭാഗമായി വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ ബോധവത്കരണ ബോർഡുകൾ സ്ഥാപിച്ചു. ട്രാൻസ്ജെൻഡർ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

കലൂർ റിന്യൂവൽ സെന്ററിൽ നടന്ന ചടങ്ങിൽ അസിസ്റ്റന്റ് കലക്ടർ സച്ചിൻ യാദവുമായി ട്രാൻസ്ജെൻഡർ വ്യക്തികൾ അവരുടെ വിവിധ പ്രശ്നങ്ങൾ അവതരിപ്പിച്ചു. ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ സജിത്ത് ജോൺ അധ്യക്ഷനായി. ജില്ലാ സാമൂഹ്യനീതി ഓഫീസർ വി കെ ഷംനാദ്, അതിഥിദേവോ ഭവ പ്രൊജക്ട് ഓഫീസർ ഡോ.അഖിൽ മാനുവൽ, സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തുവെള്ളിൽ, ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ് അംഗം ശീതൾ ശ്യാം തുടങ്ങിയവർ പങ്കെടുത്തു.

# മെറിനിത് സ്വപ്ന സാക്ഷാത്കാരം



വീൽചെയറുമായി മെറിൻ. ജില്ലാ കല്കടർ ഡോ. പി.കെ ജയശ്രി മറ്റ് ഉദ്യോഗസ്ഥർ എന്നിവർ സമീപം.

കോട്ടയം: മെറിന്റെ സ്വപ്നങ്ങൾക്ക് വർണചിറകുകൾ നൽകുകയാണ് കോട്ടയം ജില്ലാ ഭരണകൂടം. മസ്കുലാർ ഡിസ്ട്രോഫ്യ രോഗം ബാധിച്ച് ചലന ശേഷി നഷ്ടപ്പെട്ട മെറിന് ഇലകട്രോണിക് വീൽചെയർ ജില്ലാ ഭരണകൂടം ലഭ്യമാക്കി. കുടുംബത്തോടൊപ്പം കോട്ടയം ജില്ലാ കളക്ടറേറ്റിലെത്തിയ മെറിൻ വീൽ ചെയർ കല്കടർ ഡോ. പി.കെ ജയശ്രിയിൽ നിന്നും ഏറ്റുവാങ്ങി. സ്നേഹ സമ്മാനമായി താൻ വരച്ച കല്ടറുടെ പെൻസിൽ ചിത്രം മെറിൻ സമ്മാനിച്ചു.

ഫാഷൻ ഡിസൈനറും ആർട്ടിസ്റ്റുമായ മെറിൻ മേരി ജയിംസിന്റെ രണ്ട് കാലുകളുടെയും ചലനശേഷി നഷ്ടപ്പെട്ട് ജീവിതം ആകെ പ്രതിസന്ധിയിലായിരുന്നു. മെറിന്റെ വിവരം പത്ര വാർത്തയിലൂടെയാണ് കോട്ടയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെട്ടത്. മെറിന്റെ ശാരീരിക അവസ്ഥക്ക് അനുയോജ്യമായ വിധത്തിലുള്ള ഇലക്ട്രോണിക് വീൽ ചെയറിന് 1.32 ലക്ഷം രൂപയാണ് വില വരുന്നത്. ജില്ലാ ഭരണകൂടവും, ജില്ലാ പഞ്ചായത്തും, ആരോഗ്യ വകുപ്പും, ആരോഗ്യകേരളവും ഒരുമിച്ച് കൈകോർത്തപ്പോൾ വീൽചെയർ മെറിന്റെ കൈകളിലെത്തി. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സി.എസ്. ആർ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും എൻ.എച്ച്.എം പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും 32000 രൂപയും വീൽചെയർ വാങ്ങുന്നതിനായി അനുവദിച്ചു.

> **യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സി. എസ്. ആർ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും എൻ. എച്ച്. എം പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും 32000 രൂപയും വീൽചെയർ വാങ്ങുന്നതിനായി അനുവദിച്ചു**

തന്റെ ആഗ്രഹങ്ങൾക്ക് പിറകെ കുതിക്കാനുള്ള ആത്മവിശ്വാസവുമായാണ് മെറിൻ കലക്ടറുടെ ഓഫീസിൻ നിന്നും മടങ്ങിയത്.






ജന്മനാലുള്ള ആരോഗ്യ പ്രശ്നങ്ങൾ
അവരുടെ ജീവിതത്തിന്റെ
നിറം കെടുത്താതിരിക്കട്ടെ

വളർച്ചയിലുണ്ടാകുന്ന കാലതാമസവും ജന്മനാലുള്ള ആരോഗ്യ പ്രശ്നങ്ങളും ചികിത്സിക്കാം *ഡി ഇ ഐ സി* കളിലൂടെ

**ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (DEIC)**
14 ജില്ലകളിലേയും തെരഞ്ഞെടുത്ത ആശുപത്രികളിൽ പ്രവർത്തിക്കുന്നു.

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
കേരള സർക്കാർ



# കുട്ടികളിലെ വളർച്ചക്കുറവിന് ഡി ഇ ഐ സി വഴി പരിഹാരം



കോഴിക്കോട്: വളർച്ചാ ഹോർമോണിന്റെ അപര്യാപ്തത മൂലം കുട്ടികളിൽ കാണുന്ന വളർച്ചക്കുറവിന് ഇനി പരിഹാരമാകുന്നു. ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി) മുഖേന ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെടുത്തി വളർച്ചക്കുറവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന 40 കുട്ടികൾക്കാണ് ചികിത്സ നൽകിയത്.

ഹോർമോൺ വ്യതിയാനം കുഞ്ഞുങ്ങളിൽ ദീർഘകാല പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ശാരീരിക ബുദ്ധിമുട്ടുകൾക്ക് പകരം മാനസിക പ്രശ്നങ്ങളും ഇത് മൂലം ഉണ്ടാകുന്നുണ്ട്. ഇത്തരം കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനാണ് ആർബിഎസ്കെ മുന്നോട്ട് വന്നിരിക്കുന്നത്. തികച്ചും സൗജന്യമായാണ് ദേശീയ ആരോഗ്യദൗത്യത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സിയിലൂടെ ചികിത്സ നൽകുന്നത്. വളർച്ച കുറവ് നേരിടുന്ന കുട്ടികളെ ഡി.ഇ.ഐ.സിയിൽ പ്രാഥമിക പരിശോധന പൂർത്തിയാക്കി മെഡിക്കൽ കോളജിൽ വിദഗ്ധ പരിശോധനക്ക് അയക്കുന്നു. തുടർന്ന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന് ശേഷം ചികിത്സ നൽകുന്നു.

നിലവിൽ 40 കുട്ടികൾക്ക് പുറമെ 26 കുട്ടികൾ കൂടി ചികിത്സക്കായി സമീപിച്ചിട്ടുണ്ട്. ഇവ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം ദേശീയആരോഗ്യദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അംഗീകാരത്തോടുകൂടി ഇവർക്ക് ചികിത്സ നൽകും. ഇതുവരെ ജില്ലയിൽ 18 ലക്ഷം രൂപ കുട്ടികളുടെ ചികിത്സക്കായി വിനിയോഗിച്ചിട്ടുണ്ട്.

**ഡി.ഇ.ഐ.സി യിലൂടെ 40 കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ**

# ഗവ. വനിതാ – ശിശു ആശുപത്രിയിൽ ക്ലബ് ഫൂട്ട് ക്ലിനിക് ആരംഭിച്ചു



പാലക്കാട്: കുട്ടികളിൽ ജന്മനാ ഉണ്ടാകുന്ന ക്ലബ് ഫൂട്ട് വൈകല്യത്തിന് ഇനി പരിഹാരം. കുട്ടികളിലെ ക്ലബ് ഫൂട്ട് വൈകല്യത്തെ കണ്ടെത്തി മികച്ച ചികിത്സ നൽകുന്നതിന്റെ ഭാഗമായി ജില്ലാ ഗവ. വനിതാ - ശിശു ആശുപത്രിയിൽ ക്ലബ് ഫൂട്ട് ക്ലിനിക്ക് ആരംഭിച്ചു. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം ( ആർ.ബി.എസ്.കെ) പരിപാടിയുടെ ഭാഗമായാണ് ക്ലിനിക് പ്രവർത്തനമാരംഭിച്ചത്.

കുഞ്ഞുങ്ങളിൽ കാലിന്റെ പാദം ഉള്ളിലേക്ക് തിരിഞ്ഞ് മടങ്ങിയിരിക്കുന്ന അവസ്ഥയാണ് ക്ലബ്ബ് ഫ്രൂട്ട് അഥവാ കുറുകിയ കാൽ. തക്കസമയത്ത് കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ കുട്ടികൾ നടക്കുമ്പോൾ വൈകല്യം ഉണ്ടാകും. ജനിച്ചയുടൻ കൃത്യമായ ചികിത്സ തുടങ്ങിയാൽ പൂർണമായും സുഖപ്പെടുത്താവുന്ന അസുഖമാണിത്. ക്ലബ്ബ് ഫൂട്ട് സ്ക്രീനിംഗ്, പ്ലാസ്റ്റർ ഇട്ടു നൽകൽ, ഫിസിയോതെറാപ്പി, സർജറി വേണ്ട സാഹചര്യങ്ങളിൽ ഉയർന്ന തലത്തിലുള്ള ആശുപത്രികളിലേക്കുള്ള റഫറൻസ് എന്നീ സേവനങ്ങൾ ക്ലിനിക്കിൽ ലഭ്യമാവും. ജനിക്കുമ്പോൾ തന്നെ കാലുകൾക്ക് വൈകല്യം ഉണ്ടോ എന്ന് നോക്കി സംശയമുണ്ടെങ്കിൽ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഗവ. വനിതാ - ശിശു ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എല്ലാ തിങ്കളാഴ്ചയും ക്ലബ്ബ് ഫൂട്ട് ക്ലിനിക് പ്രവർത്തിക്കും. ജില്ലയിലെ അഞ്ച് താലൂക്ക് ആശുപത്രികളിൽ കൂടി ഉടൻ സേവനം ലഭ്യമാകും.

# ഗോത്രവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യപരിരക്ഷ നടപ്പാക്കും ചർച്ച സംഘടിപ്പിച്ചു

തൃശ്ശൂർ: ജില്ലയിൽ ഗോത്രവർഗ്ഗ ആരോഗ്യ പരിരക്ഷക്കായി ചർച്ച സംഘടിപ്പിച്ചു. ട്രൈബൽ ആർ.സി.എച്ച്. സ്പെഷ്യലിസ്റ്റ് ക്യാമ്പ്, അനീമിയ സ്ക്രീനിങ്ങ്, ആരോഗ്യ സർവ്വെ എന്നിവയുടെ കണ്ടെത്തലുകളെ ആസ്പദമാക്കിയാണ് ചർച്ച നടന്നത്. ഭാവി പരിപാടികളുടെ ആസൂത്രണവും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. ജില്ലയിലെ ഗോത്രവർഗ്ഗ വിഭാഗം ഏറ്റവും കൂടുതൽ അധിവസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന്റെ അധീനതയിലുള്ള 9 ഊരുകളെ കേന്ദ്രീകരിച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

സ്ത്രീരോഗ വിഭാഗം, കുട്ടികളുടെ വിഭാഗം, ജനറൽ മെഡിസിൻ, ത്വക്ക്രോഗ വിഭാഗം, ദന്തരോഗ വിഭാഗം, മാനസികാരോഗ്യ വിഭാഗം, ജീവിതശൈലീരോഗ വിഭാഗം എന്നിവ ഉൾപ്പെടുത്തിയാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിൽ സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിൻമേൽ സർവ്വെ നടത്തി. ഊരുകളിലെ സ്ത്രീകളേയും പെൺകുട്ടികളേയും ഉൾപ്പെടുത്തി അനീമിയ സ്ക്രീനിങ്ങും സംഘടിപ്പിച്ചു. ക്യാമ്പ്, സർവ്വെ, പൊതു ആരോഗ്യപരമായ വിഷയങ്ങളിൻമേലുള്ള കണ്ടെത്തലുകളിൻമേൽ പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യകേരളം, തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജർ, മറ്റ് പഞ്ചായത്ത് പ്രതിനിധികൾ, ഊരു മൂപ്പൻമാർ, മെഡിക്കൽ ഓഫീസർ, ക്യാമ്പിൽ സേവനം നൽകിയ മറ്റ് വിദഗ്ധർ എന്നിവർ കൂടി ചേർന്ന് ചർച്ച നടത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

പുകയിലയുടെ ഉപയോഗം മൂലം കൊണ്ടുണ്ടാവുന്ന വായ് പുണ്ണ് കണ്ടെത്തുകയും ഡെന്റൽ കോളേജിന്റെ സഹകരണത്തോടെ സ്ക്രീനിങ്ങ്/ബയോപ്സി/ചികിത്സ എന്നിവക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പഞ്ചായത്ത് ഇതിനായി പ്രത്യേക പ്രോജക്റ്റും വിഹിതവും കണ്ടെത്തും. അനീമിയ സ്ക്രീനിങ്ങിലൂടെ സ്ത്രീകളിൽ വിളർച്ചയും കുട്ടികളുടെ സ്ക്രീനിങ്ങിൽ തൂക്കക്കുറവും കൂടുതലായി കണ്ടെത്തിയ സാഹചര്യത്തിൽ ആരോഗ്യം, സാമൂഹിക നീതി, ട്രൈബൽ വകുപ്പുകളുടെ സംയുക്ത ഇടപെടൽ നടത്തും. ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. സ്ത്രീകളിൽ ഗർഭനിരോധന ഗുളികകളുടെയും വേദനസംഹാരികളുടെയും ദുരുപയോഗം കണ്ടെത്തി ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. വന്യമൃഗങ്ങളുടെ ആക്രമണം/വീഴ്ച തുടങ്ങിയ അപകടങ്ങൾക്ക് അടിയന്തിരമായി ആശുപത്രി സേവനങ്ങൾ ലഭ്യമാക്കും. കാഴ്ചശ്രവ വൈകല്യങ്ങൾ, ത്വക്ക്രോഗങ്ങൾ എന്നിവക്ക് തുടർ പരിശോധനകളും ചികിത്സയും ലഭ്യമാക്കും. ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷക്കായി വിവിധ പ്രവർത്തനങ്ങളും സംഘടിപ്പിക്കും